തന്നെയുമല്ല ഈ സഭയിലെ ബഹുമാനപ്പെട്ട ഒരു അംഗത്തെക്കൂടി ബാധിക്കുന്ന ഒരു പ്രശ്നം എന്നുള്ള രീതിയിൽ തീർച്ചയായിട്ടും ഇത് ചട്ട പ്രകാരം ഉന്നയിക്കാവുന്നതാണ്. അതിനകത്ത് യാതൊരു അപാകതയുമില്ല.

മറെറാരു പ്രശ്നം ബഹുമാനപ്പെട്ട ഗൗരിയമ്മയും ശ്രീ. എ. സി. ഷൺമുഖദാസും സൂചിപ്പിച്ചതാണ്. അംഗീകൃത രാഷ്ട്രീയ പാർട്ടികൾ അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും സംസാരിക്കുമ്പോൾ രാഷ്ട്രീയ പാർട്ടികളുടെ അംഗീകൃതമായ പേരുകൾ പറയാതെ അത് മറെറ് പല രീതിയിലും വ്യാഖ്യാനിക്കാനുള്ള തെറെറായ പ്രവണത ഈ സഭയുടെ പല ഭാഗത്തുനിന്നും പലപ്പോഴും ഉണ്ടായിട്ടുണ്ട്. സഭയുടെ ഒരു പ്രത്യേക ഭാഗത്തുനിന്നു മാത്രമല്ല പല ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ഈ പ്രവണത ഏതായാലും തുടരരുതേ എന്ന് ബഹുമാനപ്പെട്ട അംഗങ്ങളോട് ചെയർ അഭ്യർത്ഥിക്കുകയാണ്. ഓരോ പാർട്ടിക്കും അംഗീകൃതമായിട്ടുള്ള പേരുകൾ ഉണ്ടായിരിക്കെ അത്തരം പാർട്ടികളെ മറെറ് രീതിയിൽ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. ഇതിന് വ്യത്യസ്തമായി വന്നിട്ടുള്ള പരാമർശം സഭാ നടപടികളിൽ ഉണ്ടായിരിക്കുന്നതല്ല. അതുകൊണ്ട് കൃത്യമായിട്ടും.....(അത് ആരും ഡെസ്ക്കിലടിക്കാൻ വേണ്ടി പറയുന്നതല്ല.) അതുകൊണ്ടാണ് അതിനെക്കുറിച്ച് ചൂണ്ടിക്കാണിച്ചിട്ടുള്ളത്., അതുകൊണ്ട് ഈ പരാമർശം നടത്തുമ്പോൾ സഭ ഇവിടെ അംഗീകരിച്ചിട്ടുള്ള പാർട്ടികളുടെ പേരു മാത്രം വിളിക്കേണ്ടത് ആവശ്യമാണ്.

ശ്രീ. എ. സി. ജോസ്: ഞാൻ ബഹുമാനപ്പെട്ട ചെയറിന്റെ റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല. അതേ റൂളിംഗ് തന്നെ.....

മി. സ്പീക്കർ; അതിനെക്കുറിച്ച് ഇനി ചർച്ച ഇല്ല.

There is no discussion on this point:

(9) ജയിൽപുള്ളികളെ ബാധിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. ഇ. കെ. നായനാർ: ഈ സബ്മിഷൻ ഉന്നയിക്കാൻ ഇടവന്നിട്ടുള്ളത് കണ്ണൂരിലും തിരുവനന്തപുരത്തും കാസർക്കോടുമുള്ള ആയിരക്കണക്കിന് തടവുകാരുടെ പെറീഷൻ എനിക്ക് കിട്ടിയതുകൊണ്ടാണ്. ഇക്കാര്യം ഗവൺമെന്റിനെ മുൻപ് അറിയിച്ചിരുന്നതാണ്. ഇതിനെപ്പറ്റി ഒരു നടപടിയും എടുക്കാതിരുന്നതിനെ തുടർന്നാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കാൻ ഇടവന്നത്. ചില സാഹചര്യത്തിന്റെ സമ്മർദ്ദം നിമിത്തം കുറെവാളികളായ ആയിരക്കണക്കിനു തടവുകാർ ഈ മൂന്നു ജയിലുകളിൽ കിടന്ന് നരകിക്കുന്നുണ്ട്. ഒരു കാലത്ത് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഈ തടവുകാരെ സംബന്ധിച്ച് പറഞ്ഞത് ഞാൻ പരാമർശിക്കാം. ഇപ്പോൾ ഇതിന്റെ ചാർജ് മുഖ്യമന്ത്രിക്കാണല്ലോ..... All the might of the state is against him..... തടവുകാർക്ക് എതിരായിട്ടാണ് .....and none of the orderly checks are available. Even the voice of pain is the cry of agony, cannot be heard beyond the high walls. ഇതായിരുന്നു നെഹ്റു അന്ന് പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ഇതു തന്നെയാണ് ഇന്നത്തെയും തടവുകാരുടെ സ്ഥിതി. നിസ്സഹായരായ തടവുകാരോട് മനുഷ്യത്വപരമായ സമീപനം കൈക്കൊള്ളുന്നില്ല എന്നാണ് അവരിൽനിന്നു കിട്ടിയിട്ടുള്ള പെറ്റീഷന്റെ അടിസ്ഥാനത്തിൽ എനിക്ക് പരാമർശിക്കാനുള്ളത്. ഇപ്പോഴും തിരുവനന്തപുരത്തെ സെൻട്രൽ ജയിലിൽ 956 പേർ ഉണ്ട്. അതിൽ 600-ഓളം പേർ ജീവപര്യന്തം തടവുകാരാണ്. 14 വർഷം ജയിലിൽ കഴിയണമെന്നാണ് ക്രിമിനൽ നടപടി നിയമം 433 (എ) വകുപ്പ് ഭേദഗതി പ്രകാരമുള്ള വ്യവസ്ഥ. ജയിൽ പരിഷ്ക്കരണത്തെക്കുറിച്ച് പഠിക്കാൻ 1980-ൽ നിയോഗിച്ച എ.എൻ. മുള്ളാ കമ്മീഷൻ 1983-ൽ റിപ്പോർട്ടു സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ടിൽ തന്നെ പറയുന്നത് 8 മുതൽ 10 വർഷം വരെ ജയിലിൽ കിടന്നവരെ മോചിപ്പിക്കണമെന്നാണ്. 1980-ൽ ഇൻഡ്യാ ഗവൺമെൻറ് നിശ്ചയിച്ച ആ കമ്മീഷൻ 1983-ൽ റിപ്പോർട്ട് സമർപ്പിച്ചു. അതുപോലെതന്നെ തടവുകാരുടെ സ്ഥിതി പരിശോധിച്ച് അർഹതപ്പെട്ടവരെ മോചിപ്പിക്കാൻ ഗവൺമെൻറ് തയ്യാറാകണമെന്നും മുള്ളാ കമ്മീഷൻ നിർദ്ദേശത്തിൽ പറയുന്നു. ദീർഘകാലം ജയിലിൽ കിടന്നവർക്ക് 1957-ലും '67-ലും '81-ലും തടവുകാല ഇളവ് അനുവദിച്ച് മോചിപ്പിച്ചിട്ടുണ്ട്. അവരിൽ അധികംപേരും പിന്നീട് ജയിലിൽ പോയിട്ടില്ല. ഇപ്പോഴും റെമിഷന് അർഹതപ്പെട്ടവരുണ്ട്. അവരെ മോചിപ്പിക്കാനുള്ള ശുപാർശ ഗവൺമെൻറിന്റെ കമ്മിറ്റി എടുത്തിട്ടില്ല.

ഇനി അടുത്തതായി വേതനത്തെ സംബന്ധിച്ചാണ് എനിക്കു പറയാനുള്ളത്. ഇതും റിപ്പോർട്ടിൽ പറയുന്നുണ്ട്. പ്രതിദിനം എട്ട് രൂപ വെച്ച് കൊടുക്കണമെന്നാണ് മുൻ ചീഫ് ജസ്റ്റീസ് ശ്രീ. സുബ്രഹ്മണ്യം പോറ്റി കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നത്. നമ്മുടെ മുൻ ചീഫ് ജസ്റ്റീസ് ആയിരുന്ന സുബ്രഹ്മണ്യം പോറ്റി അന്ന് കേരള ഹൈക്കോടതിയിൽ ഉത്തരവ് പുറപ്പെടുവിച്ചത് ചുരുങ്ങിയത് എട്ടു രൂപ വെച്ചു കൊടുക്കണമെന്നാണ്. എന്നാൽ ഇപ്പോഴും അതിനെ സംബന്ധിച്ച് സുപ്രീംകോടതിയിൽനിന്ന് കേരള ഗവൺമെൻറ് സ്റ്റേ വാങ്ങിച്ചിരിക്കുകയാണ്. 8 രൂപ വേതനം കൊടുക്കാൻ വയ്യ എന്നു പറഞ്ഞ് സ്റ്റേ വാങ്ങിക്കുന്നത്, ഇത് വളരെ ദയനീയമാണ്, ലജ്ജാകരമാണ്.

അതുപോലെത്തന്നെ 40 രൂപയുടെ സാധനങ്ങൾ പ്രതിമാസം വാങ്ങാൻ തടവുകാർക്ക് അനുവാദമുണ്ടായിരുന്നു. വില വർദ്ധനവു കാരണം 40 രൂപ്പയുടെ തോത് വർദ്ധിപ്പിക്കണമെന്നുള്ളതാണ് അവർ ഇപ്പോൾ ഉന്നയിച്ചിട്ടുള്ള ആവശ്യം. ഇരുപതു പേർക്ക് കിടക്കാവുന്ന സ്ഥലത്ത് ഇന്ന് 30-35 പേർ കിടക്കുകയാണ്. അതുകൊണ്ട് അവരെ സഹായിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. കേന്ദ്രവുമായി ബന്ധപ്പെട്ട് നടപ്പാക്കേണ്ട കാര്യത്തിൽ അങ്ങനെ ചെയ്ത് തടവുകാരുടെ യാതനകൾ പരിഹരിക്കണം. മുള്ളാ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞ ശുപാർശ ഗവൺമെൻറ് നടപ്പാക്കണം. ഭക്ഷണസൗകര്യം തീരെ ശോചനീയമാണ്. ചോറും ചപ്പാത്തിയും ശരിക്കും ലഭിക്കുന്നില്ല എന്നെല്ലാം അവരുടെ പെറ്റീഷനിലുണ്ട്. ഈ കാര്യത്തിൽ മുള്ള കമ്മീഷന്റെ സമീപനം തീർച്ചയായും നല്ലതാണ്; തടവുകാർക്ക് അനുകൂലമായിട്ടുള്ള പല കാര്യങ്ങളും റിപ്പോർട്ടിൽ കൊടുത്തിട്ടുണ്ട്. അത് പരിശോധിച്ച് അനുകൂലമായ സമീപനം ഗവൺമെൻറ് കൈക്കൊള്ളണമെന്നും അതുപോലെ തടവുകാരെ മോചിപ്പിക്കുന്ന കാര്യത്തിൽ ഗവൺമെൻറ് അതേ സമീപനംതന്നെ കൈക്കൊള്ളുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ജയിൽ തടവുകാരുടെ കാര്യത്തിൽ കാലാകാലങ്ങളിൽ മാറ്റം വരുത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഈ സഭയിലെ മറ്റ് പല അംഗങ്ങളും ജയിലിൽ കിടന്നിരുന്ന കാലത്തെ സ്ഥിതിയല്ല ഇന്ന് ജയിലിലുള്ളത്. ഇന്ന് വളരെ വലിയ മാറ്റം വന്നിട്ടുണ്ട്. ഇനിയും മാറ്റം വരുത്താം. അത് ആവശ്യവുമാണ്. ഇനിയും മാറ്റങ്ങൾ വരുത്തും. തടവുകാർക്ക് ഇപ്പോൾ കൊടുക്കുന്ന ഭക്ഷണത്തിന്റെ നിരക്ക് താഴെപ്പറയും പ്രകാരമാണ്.

Rice 450 gm. Wheat 200 gm., Vegetable 140 gm., പുഴുക്ക് 312 gm., ഉണക്കക്കപ്പ 170 gm., Onions 14 gm., പുളി 7 gm., Coconut 42 gm., Fire-wood 1000 gm. ഈ വിധത്തിലാണ്. അവർക്ക് റേഷൻ കൊടുക്കുന്നത്. ആഴ്ചതോറും മത്സ്യവും മാംസവുമൊക്കെ കൊടുക്കുന്നുണ്ട്. അതുകൊണ്ട് തടവുകാരുടെ ഭക്ഷണകാര്യത്തിൽ വലിയ ബുദ്ധിമുട്ടുണ്ടെന്നു തോന്നുന്നില്ല. എങ്കിലും ഒരു പരാതി സാധാരണ ഉണ്ടാകാറുണ്ട്. തടവുകാരുടെ റേഷൻ കരാറ് കൊടുക്കുന്നതുകൊണ്ട് പലപ്പോഴും നിശ്ചിതയളവ് റേഷൻ കിട്ടാറില്ലെന്ന് പരാതിയുണ്ട്. അതു മുഴുവൻ നിഷേധിക്കാൻ പ്രയാസമാണ്. ഏതായാലും താരതമ്യേന മെച്ചപ്പെട്ട നിലയിൽ കൊടുത്തുവരുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ലീവിനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ തടവുകാർക്ക് ഇപ്പോൾ ലീവ് ലിബറലായിട്ട് അനുവദിക്കുന്നുണ്ട്. ന്യായമായ കാര്യങ്ങൾക്ക് പരോൾ അനുവദിക്കുന്നുണ്ട്. നിശ്ചിത കാലയളവ് പൂർത്തിയാക്കിയ തടവുകാരെ സംബന്ധിച്ചിടത്തോളം ജയിൽ കമ്മിറ്റിയുടെ ശുപാർശ വന്നുകഴിഞ്ഞാൽ ഒട്ടുംവൈകാതെ ഗവൺമെന്റ് അവരെ റിലീസ് ചെയ്യുന്നുണ്ട്. ഇക്കാര്യങ്ങളിലൊക്കെ ശ്രദ്ധാപൂർവ്വം പ്രവർത്തിക്കുന്നുണ്ട്. തടവുകാർക്കുവേണ്ടി ജയിലിൽ വായനശാലയുണ്ട്. അവരുടെ ഉപയോഗത്തിന് ഫാൻ അനുവദിച്ചിട്ടുണ്ട്. ടെലിവിഷൻ വാങ്ങിക്കാനുള്ള ഓർഡർ കൊടുത്തിട്ടുണ്ട്. പോരാതെ വരുന്ന കാര്യങ്ങൾ ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതിക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാവുന്നതിന്റെ പരമാവധി ഇനിയും ഗവൺമെന്റ് ചെയ്യുന്നതാണ്.

ശ്രീ. ഇ. കെ. നായനാർ: സർ, ജീവപര്യന്തം തടവ് 20 വർഷമായിരുന്നത്, എട്ടോ പത്തോ വർഷം വരെ കുറക്കാമെന്ന് മുള്ളാ കമ്മീഷൻ പറഞ്ഞിട്ടുണ്ടല്ലോ. അക്കാര്യം പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: ജീവപര്യന്തം എന്നു പറഞ്ഞാൽ ജീവിതകാലം മുഴുവനോ അല്ലെങ്കിൽ 20 കൊല്ലമോ ആണെന്നുള്ള നിഗമനം ശരിയല്ലെന്നൊരു വിധി അടുത്തകാലത്തുണ്ടായിട്ടുണ്ട്. അതുകൊണ്ട് ഇടക്കാലത്ത് വിട്ടയക്കാനുള്ള ആളുകളുടെ കാര്യത്തിലും ഇതുമൂലം ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. അതും പരിശോധിക്കുന്നതാണ്.

V. റിപ്പോർട്ടുസമർപ്പണം

(1) പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ 42 മുതൽ 45 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. പി. സീതിഹാജി: സർ, ഞാൻ പൊതുമേഖലാസ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ നാൽപ്പത്തിരണ്ടു മുതൽ നാൽപ്പത്തിയഞ്ചുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly